കൃഷി ഓഫീസ്

118 (2916)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ കുണ്ടംകുഴി എന്ന സ്ഥലത്ത് കൃഷി ഓഫീസ് അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷി ഓഫീസ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷക സംഖ്യ, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കൃഷിഭവനുകൾ പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്.

കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിന് സ്വന്തമായുള്ള ഭൂമി

119 (2917) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ എത്ര ഭൂമി സർക്കാരിന് സ്വന്തമായുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാന നഗരാസൂത്രണവകുപ്പ് ഇതു സംബന്ധിച്ച് നടത്തിയ സർവ്വേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി)&(സി) സംസ്ഥാന നഗരാസൂത്രണ വകുപ്പ് സംസ്ഥാനതലത്തിൽ ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിൽ മാത്രമായി വിവരശേഖരണം നടത്തിയിട്ടുണ്ട്. അത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കിയതല്ല.

സ്വപ്നനഗരി

120 (2918) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ അരയിടത്ത് പാലത്തിന് അടുത്ത് കനോലി കനാലിനു കിഴക്കുവശം "സ്വപ്നനഗരി" നിർമ്മിക്കുന്നതിന് നഗരസഭയും ഡി.ടി.പി.സി. യും ടൂറിസം വകുപ്പും ചേർന്ന് തീരുമാനിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly